"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് , സബ് ഇൻസ്പെക്ടർ ഡ്രൈവർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ , ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(കെ)വകുപ്പ്**

സ.ഉ.(കൈ) നം.48/2026/HOME തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 01.11.2025, 23.02.2025 എസ്1(എ)-170697/2025/പിഎച്ച്ക്യൂ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ക്രമസമാധാനപാലനത്തിൽ പോലീസ് സേനയുടെ ഫലപ്രദവും സമയ ബന്ധിതവുമായ വിന്യാസത്തിന് ഗതാഗതം നിർണായകമാണെന്നും പോലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂമുകൾ, പ്രത്യേക യൂണിറ്റുകളായ ക്രൈംബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, സായുധ പോലീസ് ബറ്റാലിയനുകൾ തുടങ്ങിയവയുടെ പ്രവർത്തനത്തിനായി നിരവധി വാഹനങ്ങൾ കേരള പോലീസിലുണ്ടെന്നും ഇത്രയും വലിയ ഒരു വാഹനവ്യൂഹത്തെ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ ഉദ്യോഗസ്ഥർ ആവശ്യമാണെന്നും വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമപ്പുറം പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാർ , ഉദ്യോഗസ്ഥർക്ക് സുരക്ഷിതവും കാര്യക്ഷമവുമായ ഗതാഗതം ഉറപ്പാക്കുക, അടിയന്തര സാഹചര്യങ്ങളിലെ സഹായം, വിവിഐപി സന്ദർശനങ്ങളിലും സ്പെഷ്യൽ ഓപറേഷനുകളിലും നിർണായക പിന്തുണ നൽകുക എന്നീ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുന്നുണ്ടെന്നും പോലീസിലെ പ്രവർത്തന ആവശ്യങ്ങളും ഗതാഗത പ്രാധാന്യവും കണക്കിലെടുക്കുമ്പോൾ, വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ഡ്രൈവർ വിഭാഗത്തിൽ മതിയായ അംഗീകൃത അംഗബലം നിലനിർത്തേണ്ടത് അത്യാവശ്യമാണെന്നും പോലീസ് ഡ്രൈവർ തസ്തികയിൽ നിലവിലുള്ള അംഗബലം 3136 ആണെങ്കിലും ഈ തസ്തികയിലേയ്ക്ക് അനുവദിച്ചിട്ടുള്ള സ്ഥാക്കയറ്റ തസ്തികകളുടെ എണ്ണം 180 മാത്രമാണെന്ന് പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പോലീസ് വകുപ്പിലെ ഒരു പോലീസ് കോൺസ്റ്റബിൾ ഡ്രൈവറിന് ഏകദേശം 53 വയസ്സും 28 വർഷത്തെ സേവനവും ഉള്ളപ്പോൾ മാത്രമാണ് ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ സ്ഥാനക്കയറ്റം സാധ്യമാകുന്നതെന്നും ഓരോ കേഡറിലും തുടർ സ്ഥാനക്കയറ്റത്തിന് യോഗ്യത നേടുന്നതിന് ഒരു വർഷത്തെ പ്രൊബേഷൻ അനിവാര്യമാണെന്നും ഇതിന്റെ ഫലമായി സ്ഥാനക്കയറ്റത്തിന് യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സൂപ്പർവൈസറി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായും ഉയർന്ന തസ്തികയിലേക്ക് പോകുമ്പോൾ തസ്തികകളുടെ എണ്ണം വളരെ കുറവായതിനാൽ കുറച്ച് ഡ്രൈവർമാർക്ക് മാത്രം സ്ഥാനക്കയറ്റം ലഭിക്കുന്നുള്ളൂ എന്നതിനാൽ ഡ്രൈവർ തസ്തികയിലെ പ്രമോഷന് അങ്ങേയറ്റം സ്തംഭനാവസ്ഥ

നിലനിൽക്കുന്നുണ്ടെന്നും കൂടാതെ, നിലവിൽ മറ്റെല്ലാ സ്കീമുകളെയും അപേക്ഷിച്ച് ഡ്രൈവർ വിഭാഗത്തിന്റെ സ്ഥാനക്കയറ്റ സാധ്യത വളരെ കുറവാണെന്നും പോലീസ് വകുപ്പിലെ മിക്ക ഡ്രൈവർമാർക്കും എൻട്രി കേഡറിൽ തന്നെ സർവീസിൽ നിന്ന് വിരമിക്കേണ്ടി വരുന്നതായും പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. നിരവധി പിസി ഡ്രൈവർമാർ ഇതിനകം എസ്ഐ ഡ്രൈവർ / എഎസ്ഐ ഡ്രൈവർ / എച്ച്സി ഡ്രൈവർ എന്നിവരുടെ ശമ്പളത്തിന് തുല്യമായ ശമ്പളം വാങ്ങുന്നുണ്ട്. വകുപ്പിൽ മതിയായ ഡ്രൈവർ തസ്തികകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, ഈ വിഭാഗത്തിൽ സബ് ഇൻസ്പെക്ടർ ഡ്രൈവർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ , ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ എന്നിങ്ങനെ തസ്തികകൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്നും ഡ്രൈവർ വിഭാഗത്തിലെ സ്ഥാനക്കയറ്റ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സർവീസിൽ പ്രവേശിച്ച അതേ തസ്തികയിൽ വിരമിക്കുന്ന ഡ്രൈവർമാരുടെ നിലവിലെ പരിതാപകരമായ സാഹചര്യം പരിഹരിക്കുന്നതിനുമായി 75 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ അപ്ഗ്രേഡ് ചെയ്തു 44 ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ, 22 അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ , 09 സബ് ഇൻസ്പെക്ടർ ഡ്രൈവർ എന്നിങ്ങനെ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്. അപ്രകാരം 75 തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ഏകദേശ സാമ്പത്തിക ബാദ്ധ്യത 4,68,31,600 രൂപയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമമായി പരിശോധിച്ചു. നിലവിലെ പ്രൊമോഷൻ തസ്തികകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഫീഡർ തസ്തികകളുടെ എണ്ണത്തിലെ അപര്യാപ്തതയും ജീവനക്കാരുടെ പ്രൊമോഷനിലെ സ്തംഭനാവസ്ഥയും കണക്കിലെടുത്ത്, പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തുല്യ എണ്ണം തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് , സബ് ഇൻസ്പെക്ടർ ഡ്രൈവറുടെ 4 അധിക തസ്തികകളും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവറുടെ 12 അധിക തസ്തികകളും ഹെഡ് കോൺസ്റ്റബിൾ ഡ്രൈവറുടെ 35 അധിക തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യവകുപ്പ് (2670986: EXP-A4/16/2024 -FIN ,തീയതി 21.02.2026 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (28.02.2026- ലെ ഇനം നമ്പർ 3769 )
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 02-03-2026 19:06:45

പകർപ്പ്.-1 ) ബഹ.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2) ചീഫ് സെക്രട്ടറിയുടെ പി.എസ് ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-02-2026

ഫയൽ നം. കെ1/241/2025/ആഭ്യന്തരം.

ഇനം നം: 3769

വിഷയം : ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത്, സബ് ഇൻസ്പെക്ടർ ഡ്രൈവർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ, ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Sol(K)
M
28/2/26

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

Received file at 5.45 PM

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3769

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ1/241/2025/ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര(കെ) വകുപ്പ്** |
| 3. വിഷയം | **പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് , സബ് ഇൻസ്പെക്ടർ ഡ്രൈവർ,അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ,ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്.** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | **23.02.2026** |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | **അതെ** |
| (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **അതെ** |
| 6. മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി. രശ്മി.എ.ആർ** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **24/02/2026** |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ.എ.ജയതിലക്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **25/02/2026** |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | **26/02/2026** |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | **26/02/2026** |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പ്

പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് , സബ് ഇൻസ്പെക്ടർ ഡ്രൈവർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവർ , ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ വിഷയം.

2.സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പ്രകാരം ക്രമസമാധാനപാലനത്തിൽ പോലീസ് സേനയുടെ ഫലപ്രദവും സമയബന്ധിതവുമായ വിന്യാസത്തിന് ഗതാഗതം നിർണായകമാണ്. പോലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂമുകൾ, പ്രത്യേക യൂണിറ്റുകളായ ക്രൈംബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, സായുധ പോലീസ് ബറ്റാലിയനുകൾ തുടങ്ങിയവയുടെ പ്രവർത്തനത്തിനായി നിരവധി വാഹനങ്ങൾ കേരള പോലീസിലുണ്ട്. ഇത്രയും വലിയ ഒരു വാഹനവ്യൂഹത്തെ കൈകാര്യം ചെയ്യുന്നതിന് ദൈനംദിന ഉപയോഗത്തേക്കാൾ കൂടുതൽ ഉദ്യോഗസ്ഥർ ആവശ്യമാണ്.പോലീസ് വകുപ്പിൽ ഡ്രൈവർമാർ നിർണായക പങ്ക് വഹിക്കുന്നുണ്ട്. വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമപ്പുറം ഡ്രൈവർമാർ ,ഉദ്യോഗസ്ഥർക്ക് സുരക്ഷിതവും കാര്യക്ഷമവുമായ ഗതാഗതം ഉറപ്പാക്കുക, അടിയന്തര സാഹചര്യങ്ങളിലെ സഹായം, വിവിഐപി സന്ദർശനങ്ങളിലും സ്പെഷ്യൽ ഓപറേഷനുകളിലും നിർണായക പിന്തുണ നൽകുക എന്നീ ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നു. പോലീസിലെ പ്രവർത്തന ആവശ്യങ്ങളും ഗതാഗത പ്രാധാന്യവും കണക്കിലെടുക്കുമ്പോൾ, വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ഡ്രൈവർ വിഭാഗത്തിൽ മതിയായ അംഗീകൃത അംഗബലം നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

3.വകുപ്പിലെ ഡ്രൈവർ വിഭാഗത്തിലെ നിലവിലുള്ള അംഗബലം ഇപ്രകാരമാണ്

| Category of post | PC Dvr | HC Dvr | ASI Dvr | SI Dvr | Inspector (MTO) |
|---|---|---|---|---|---|
| Sanctioned Strength | 3136 | 120 | 20 | 20 | 20 |

പോലീസ് വകുപ്പിലെ ഡ്രൈവർ വിഭാഗത്തിലേക്ക് അനുവദിച്ചിട്ടുള്ള ആകെ സ്ഥാനക്കയറ്റ തസ്തികകളുടെ എണ്ണം 180 മാത്രമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇൻസ്പെക്ടർ (എംടിഒ) — 20

എസ്ഐ ഡ്രൈവർ — 20

എഎസ്ഐ ഡ്രൈവർ — 20

എച്ച്സി ഡ്രൈവർ — 120

4. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ വിഭാഗത്തിന്റെ അംഗബലം 3136 ആണ്. ഒരു പോലീസ് കോൺസ്റ്റബിൾ ഡ്രൈവറിന് ഏകദേശം 53 വയസ്സും 28 വർഷത്തെ സേവനവും ഉള്ളപ്പോൾ മാത്രമാണ് .ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ സ്ഥാനക്കയറ്റം സാധ്യമാകുന്നത്. ഓരോ കേഡറിലും തുടർ സ്ഥാനക്കയറ്റത്തിന് യോഗ്യത നേടുന്നതിന് ഒരു വർഷത്തെ പ്രൊബേഷൻ അനിവാര്യമാണ്. ഇതിന്റെ ഫലമായി സ്ഥാനക്കയറ്റത്തിന് യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സൂപ്പർവൈസറി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഉയർന്ന തസ്തികയിലേക്ക് പോകുമ്പോൾ തസ്തികകളുടെ എണ്ണം വളരെ കുറവായതിനാൽ കുറച്ച് ഡ്രൈവർമാർക്ക് മാത്രം സ്ഥാനക്കയറ്റം ലഭിക്കുന്നുള്ളു എന്നതിനാൽ ഡ്രൈവർ തസ്തികയിലെ പ്രമോഷന് അങ്ങേയറ്റം സ്തംഭനാവസ്ഥ നിലനിൽക്കുന്നുണ്ട്. കൂടാതെ, നിലവിൽ മറ്റെല്ലാ സ്കീമുകളെയും അപേക്ഷിച്ച് ഡ്രൈവർ വിഭാഗത്തിന്റെ സ്ഥാനക്കയറ്റ സാധ്യത വളരെ കുറവാണ്. പോലീസ് വകുപ്പിലെ മിക്ക ഡ്രൈവർമാർക്കും എൻട്രി കേഡറിൽ തന്നെ സർവീസിൽ നിന്ന് വിരമിക്കേണ്ടിവരുന്നു. കൂടാതെ, ഡ്രൈവർ തസ്തികയുടേത് സംസ്ഥാന സീനിയോറിറ്റി പട്ടികയായതിനാൽ, ഹെഡ് കോൺസ്റ്റബിൾ ഡ്രൈവറായി സ്ഥാനക്കയറ്റം ലഭിക്കുന്ന പിസി ഡ്രൈവറെ ശമ്പള വർദ്ധനവില്ലാതെ ഡ്രൈവിംഗ് ഡ്യൂട്ടി ചെയ്യുന്നതിനായി തിരുവനന്തപുരത്ത് നിന്ന് കാസർഗോഡേയ്ക്ക് സ്ഥലം മാറ്റേണ്ടിവരും. കരിയറിൽ സ്ഥാനക്കയറ്റം ലഭിക്കാത്തതിനാൽ ജോലിയിൽ അവർക്ക് ഉത്സാഹം നഷ്ടപ്പെടുകയും ചെയ്യും .അതിനാൽ, വകുപ്പിൽ മതിയായ ഡ്രൈവർ തസ്തികകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, ഈ വിഭാഗത്തിൽ എച്ച്സി ഡ്രൈവർ, എഎസ്ഐ ഡ്രൈവർ, എസ്ഐ ഡ്രൈവർ എന്നിങ്ങനെ തസ്തികകൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്നും ഡ്രൈവർ വിഭാഗത്തിലെ പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 22 പോലീസ് യൂണിറ്റുകളിൽ 2

ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ , ഒരു എഎസ്ഐ ഡ്രൈവർ തസ്തികകൾ വീതവും 09 യൂണിറ്റുകളിൽ ഒരു എസ്ഐ ഡ്രൈവർ തസ്തിക വീതവും (44 എച്ച്സി ഡ്രൈവർ, 22 എഎസ്ഐ ഡ്രൈവർ & 09 എസ്ഐ ഡ്രൈവർ: ആകെ - 75 തസ്തികകൾ) അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്.

5. 20 പോലീസ് ജില്ലകളിൽ മാത്രമേ ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർ, എഎസ്ഐ ഡ്രൈവർ എന്നീ തസ്തികകൾ നിലവിലുള്ളൂ എന്നും ചില പോലീസ് ജില്ലകളിലും സ്പെഷ്യൽ യൂണിറ്റുകളിലും മാത്രമേ എസ്ഐ ഡ്രൈവർ തസ്തികകൾ നിലവിലുള്ളൂ എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിലും, ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിലും, വിവിഐപി സന്ദർശനങ്ങളിലും, എച്ച്സി ഡ്രൈവർ, എഎസ്ഐ ഡ്രൈവർ, എസ്ഐ ഡ്രൈവർ എന്നിവരുടെ സേവനം ആവശ്യമാണ്. പതിവ് ജോലികൾക്ക് പുറമേ, യൂണിറ്റുകളിലെ വാഹന പരിശോധനയ്ക്കും, ഹൈവേ പട്രോളിംഗ്, മറ്റ് പതിവായി സർവീസ് നടത്തുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിനും ഇവരുടെ സേവനം ആവശ്യമാണ്.

6. നിരവധി പിസി ഡ്രൈവർമാർ ഇതിനകം എസ്ഐ ഡ്രൈവർ / എഎസ്ഐ ഡ്രൈവർ / എച്ച്സി ഡ്രൈവർ എന്നിവരുടെ ശമ്പളത്തിന് തുല്യമായ ശമ്പളം വാങ്ങുന്നതിനാൽ മേൽ പരാമർശിച്ച തസ്തികകൾ സൃഷ്ടിക്കുന്നതിലെ സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനായി , 75 പിസി ഡ്രൈവർ തസ്തികകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് മുകളിൽ പറഞ്ഞ 75 തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രൈവർ വിഭാഗത്തിലെ സ്ഥാനക്കയറ്റ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവർ സർവീസിൽ പ്രവേശിച്ച അതേ തസ്തികയിൽ വിരമിക്കുന്ന ഡ്രൈവർമാരുടെ നിലവിലെ പരിതാപകരമായ സാഹചര്യം പരിഹരിക്കുന്നതിനുമായി 75 തസ്തികകൾ (9 എസ്ഐ ഡ്രൈവർ, 22 എഎസ്ഐ ഡ്രൈവർ, 44 എച്ച്സി ഡ്രൈവർ തസ്തികകൾ) പുതുതായി സൃഷ്ടിക്കുന്നതിനോ അല്ലെങ്കിൽ 75 പിസി ഡ്രൈവർ തസ്തികകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനോ സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്. അപ്രകാരം 75 തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ഏകദേശ വാർഷിക സാമ്പത്തിക ബാദ്ധ്യത 4,68,31,600 രൂപയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള ശിപാർശയിന്മേൽ ധനകാര്യവകുപ്പിന്റെ

അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്.

*'Finance' agrees to allow 12 additional posts of Assistant Sub-Inspector (Driver) and 4 additional posts of Sub-Inspector (Driver) and 35 posts of Head Constable (Driver) by upgrading an equal number of Constable (Driver) posts. Resultantly, 51 posts of Driver may be upgraded as follows:*

*HC (Driver) -35*

*ASI (Driver) -12*

*SI (Driver) -4*

*Hence, the resultant cadre strength will be as follows:*

*Inspector (MT) - 20*

*SI (Driver) -24*

*ASI (Driver) - 32*

*HC (Driver) -155*

*Driver - 3085*

*AD is also informed that 'Finance' does not find any administrative necessity for an increased number of Head Constable, Assistant Sub- Inspector, and Sub-Inspector posts. However, the above upgradation is agreed to, taking into account the stagnation among personnel and the inadequate number of feeder posts in comparison to the available promotional posts.*

*This has the approval of the Hon'ble Minister (Finance).*

8. ധനകാര്യവകുപ്പ് അംഗീകരിച്ചത് പ്രകാരം ,നിലവിലെ പ്രൊമോഷൻ തസ്തികകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഫീഡർ തസ്തികകളുടെ അപര്യാപ്തതയും ജീവനക്കാരുടെ പ്രമോഷനിലെ സ്തംഭനാവസ്ഥയും കണക്കിലെടുത്ത് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകളുടെ തുല്യ എണ്ണം അപ്ഗ്രേഡ് ചെയ്തുകൊണ്ട് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവറുടെ 12 അധിക തസ്തികകളും സബ് ഇൻസ്പെക്ടർ ഡ്രൈവറുടെ 4 അധിക തസ്തികകളും ഹെഡ് കോൺസ്റ്റബിൾ ഡ്രൈവറുടെ 35 തസ്തികകളും അനുവദിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്തപ്പോൾ

മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

9. മേൽ പരാമർശിച്ചത് പ്രകാരം തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തികബാദ്ധ്യത സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കും പ്രകാരമാണ്

| Name of Post | No of Post | Pay | HRA | DA | Total | Total for a month | Total for one year | Uniform Allowance | Total for one year |
|---|---|---|---|---|---|---|---|---|---|
| SI Driver | 4 | 45,600 | 4,560 | 11,400 | 61,560 | 2,46,240 | 29,54,880 | 22,400 | 29,77,280 |
| ASI Driver | 12 | 43,400 | 4,340 | 10,850 | 58,590 | 7,03,080 | 84,36,960 | 67,200 | 85,04,160 |
| HC Driver | 35 | 39,300 | 3,930 | 9,825 | 53,055 | 18,56,925 | 2,22,83,100 | 1,92,500 | 2,24,75,600 |
| Total | 51 | | | | | | | | 3,39,57,040 |

<u>തീരുമാനമെടുക്കേണ്ട സംഗതി</u>

നിലവിലെ പ്രൊമോഷൻ തസ്തികകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഫീഡർ തസ്തികകളുടെ എണ്ണത്തിലെ അപര്യാപ്തതയും ജീവനക്കാരുടെ പ്രൊമോഷനിലെ സ്തംഭനാവസ്ഥയും കണക്കിലെടുത്ത്, പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തുല്യ എണ്ണം തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഡ്രൈവറുടെ 12 അധിക തസ്തികകളും സബ് ഇൻസ്പെക്ടർ ഡ്രൈവറുടെ 4 അധിക തസ്തികകളും ഹെഡ് കോൺസ്റ്റബിൾ ഡ്രൈവറുടെ 35 അധിക തസ്തികകളും സൃഷ്ടിക്കാമോ ?